(എഫ്&ജി) അഡ്വൈസറി ബോർഡ്, കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നൽകുന്നത്. കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട 19 കേസുകൾ ഇപ്പോൾ അഡ്വൈസറി ബോർഡിന്റെ പരിഗണനയിലുണ്ട്.

വനിതാ എം.എൽ.എ മാർ നൽകിയ പരാതി

187 (191) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ്കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനിതാ എം.എൽ.എ.മാർ തങ്ങൾക്ക് ചിലരിൽനിന്നും മാനസികവും ശാരീരികവുമായുണ്ടായ ദുരനുഭവങ്ങൾ സംബന്ധിച്ച് പോലീസ് മേലധികാരിയ്ക്ക് നൽകിയ പരാതികളിൽ പോലീസ് മേലധികാരി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിൽനിന്നും നിയമോപദേശം തേടുകയുണ്ടായോ ; ലഭിച്ച ഉപദേശം എന്തായിരുന്നു ; ഇത് സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രസ്താവങ്ങൾക്ക് എത്രത്തോളം നിരക്കുന്നതാണ്?

ഉത്തരം

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വനിതാ എം.എൽ.എ. മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹുമാനപ്പെട്ട സ്പീക്കറുടെ കൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നതേയുള്ളൂ.

ബാർ കോഴ പ്രശ്നം

188 (192) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാറുകൾ തുറക്കുന്നതും അടച്ചുപൂട്ടുന്നതും സംബന്ധിച്ച നയങ്ങളുടേയും നടപടികളുടേയും ഭാഗമായി നടന്നതായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാർ കോഴ പ്രശ്നത്തിൽ അരോപണ വിധേയരായ മന്ത്രിമാർ ആരൊക്കെ ; ഓരോ മന്ത്രിമാരെക്കുറിച്ചും ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ആരോപണങ്ങളെല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി എത്ര പേർ ചോദ്യം ചെയ്യപ്പെട്ടു ; അതിൽ മന്ത്രിമാർ എത്ര ; അല്ലാത്തവർ ആരൊക്കെ ; എത്ര ശബ്ദരേഖകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിച്ചു ;

(ഇ) തെളിവുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശിന്റെ ആരോപണവും, വി.സി. 06/2014/എസ്.ഐ.യു I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ടു എന്ന പ്രസ്താവനയും ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവർ ആരോപണ വിധേയരാണ്. ശ്രീ. കെ.എം.മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ആക്ഷേപം ഉന്നയിച്ച വിഷയം സംബന്ധിച്ച് 1-11-2014-ൽ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ നൽകിയ പരാതിയിന്മേൽ ഒരു വിജിലൻസ് കേസ് (വി.സി. 06/2014/എസ്.ഐ.യു. I) രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പുരോഗമന ഘട്ടത്തിലാണ്. ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ ബിജു രമേശ് വി.സി.06/2014/എസ്.ഐ.യു-I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ടു എന്ന് പ്രസ്താവിക്കുകയുണ്ടായി. ടി വിഷയം വി.സി.06/2014/എസ്.ഐ.യു-I മായി ബന്ധപ്പെട്ടതല്ലെന്ന് ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ ടി വിഷയത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്വേഷണം നടന്നുവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണിക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ശ്രീ. കെ. ബാബുവിനെതിരെ പ്രസ്താവിച്ച കാര്യത്തിൽ അന്വേഷണം നടന്നുവരികയാണ്. ടി കാര്യങ്ങൾ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആകയാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) കോടതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) ടി വിഷയത്തിൽ റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല.

ബാർ കോഴ അന്വേഷണം

189 (193) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ അന്വേഷണം നടത്തുന്ന വിജിലൻസ് വിഭാഗം, മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ബാറുടമകൾ കോടികൾ നൽകിയതായി പറയപ്പെടുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതായ ബാർ ഹോട്ടൽസ് ഓണേഴ്സ് അസോസിയേഷന്റെ കണക്ക് പുസ്തകം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബാറുടമയിൽനിന്നും പിരിച്ചെടുത്ത പണം ആർക്കെല്ലാം എവിടെയെല്ലാം വെച്ച് നൽകുകയുണ്ടായിട്ടുണ്ടെന്നതിനുള്ള തെളിവുകൾ പ്രസ്തുത കണക്കുപുസ്തകത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണെന്ന് ബിജുരമേശിന്റെ മൊഴി ഉണ്ടായിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുത കണക്ക് പുസ്തകം കസ്റ്റഡിയിൽ എടുക്കുന്നതിനും പരിശോധിക്കുന്നതിനും തയ്യാറാകാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&സി) ബാർ കോഴയുമായി ബന്ധപ്പെട്ട പണമിടപാടുകളെപ്പറ്റിയുള്ള വിജിലൻസ് കേസ് അന്വേഷണം പുരോഗതിയിലാണ്. അതിനാൽ പ്രസ്തുത അന്വേഷണത്തെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പുതിയ പോലീസ് സ്റ്റേഷനുകൾ

190 (194) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളത് ; വിശദമാക്കാമോ ;